"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതി മുഖേന നിർമ്മാണം പൂർത്തിയാക്കിയ ഭവനങ്ങളുടെ ഉദ്ഘാടനം അറിയിക്കാത്തത് - ശ്രീ. മുഹമ്മദ് മുഹ്സിൻ എം.എൽ.എ. ബഹു. നിയമസഭാ സ്പീക്കർക്ക് നൽകിയ പരാതി - 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

G.O.(Rt) No.815/2024/LSGD    തീയതി,തിരുവനന്തപുരം, 08-05-2024

---

പരാമർശം:-

1. നിയമസഭാ സെക്രട്ടറിയുടെ 30/11/2023, 09/02/2024 തീയതികളിലെ 9459/ടേബിൾ-22023/നി.സെ. നമ്പർ കത്ത്.
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 03/09/2023 തീയതിയിൽ സമർപ്പിച്ച എൽ.എം. 5/184/ലൈഫ്/2022 (8) നമ്പർ റിപ്പോർട്ട്.
3. തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/10/2023 തീയതിയിലെ എസ്.സി. 1-6775-2023 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടാമ്പി നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്ത ചടങ്ങിൽ നിന്നും, സ്ഥലം എം.എൽ.എ. എന്ന നിലയിൽ തന്നെ ഒഴിവാക്കിയ നടപടി ചോദ്യം ചെയ്ത, ശ്രീ.മുഹമ്മദ് മുഹ്സിൻ എം.എൽ.എ. ബഹു. നിയമസഭാ സ്പീക്കർക്ക് നൽകിയ പരാതിയിന്മേൽ, പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച സംബന്ധിച്ച റിപ്പോർട്ട് ബഹു. സ്പീക്കർക്ക് സമർപ്പിക്കുന്നതിനായി ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരം നിയമസഭാ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്.

2) തിരുവേഗപ്പുറം ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 63 വീടുകളുടെയും, PMAY ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 29 വീടുകളുടെയും, താക്കോൽ ദാനവും പുതിയ ലൈഫ് ഭവനങ്ങളുടെ കരാർ പ്രഖ്യാപനവും എന്ന പേരിൽ 27.05.2023-നു പരിപാടി നടത്തിയിരുന്നു എന്നും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചടങ്ങിൽ അധ്യക്ഷനായിരുന്നു എന്ന് പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹു. പാലക്കാട് എം.പി. ശ്രീ.വി.കെ.ശ്രീകണ്ഠൻ, ഉൽഘാടനം നടത്തുകയും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ഗീത മണികണ്ഠൻ പങ്കെടുക്കുകയും ചെയ്തിരുന്നുവെന്നും, ഗ്രാമ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടോ, സർക്കാർ ഫണ്ടോ ചിലവഴിച്ചിട്ടില്ല എന്നും ലൈഫ് മിഷൻ ഫണ്ടും ഇതിനായി വിനിയോഗിച്ചിട്ടില്ല എന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) തിരുവേഗപ്പുറം ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 63 വീടുകളുടെയും, PMAY ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 29 വീടുകളുടെയും, താക്കോൽ ദാനവും പുതിയ ലൈഫ് ഭവനങ്ങളുടെ കരാർ പ്രഖ്യാപനവും നടത്തിയ ചടങ്ങിൽ, 18 പഞ്ചായത്ത് അംഗങ്ങളിൽ 15 പേർ

പങ്കെടുത്തുവെന്നും, സെക്രട്ടറി ഉൾപ്പെടെയുള്ള പഞ്ചായത്തിലെ ജീവനക്കാരോ നിർവ്വഹണ ഉദ്യോഗസ്ഥരോ പങ്കെടുത്തിട്ടില്ല എന്നും പരാമർശം (3) പ്രകാരം തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി.

4) സർക്കാർ പദ്ധതിയായ PMAY (LIFE)-ന്റെ ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുന്ന ചടങ്ങ് തികച്ചും ഔദ്യോഗികമായി നടത്തേണ്ടിയിരുന്ന ഒരു പരിപാടിയാണ്. സ്ഥലം എം.എൽ.എ.യെ പങ്കെടുപ്പിക്കാതെ, പരിപാടി സംഘടിപ്പിച്ചത് തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടായ ഗുരുതരമായ വീഴ്ചയായി കാണുന്നു.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SELEENA.A

DEPUTY SECRETARY

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ [LSGD-EM1/222/2023-LSGD ]

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 09-05-2024 12:36:41

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.